(ഡി) 2014-15-ൽ മരുന്ന് സംഭരണത്തിനായി വകയിരുത്തിയ തുകയും അതിന്റെ വിനിയോഗവും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) മരുന്നും ഉപകരണങ്ങളും വാങ്ങാൻ വേണ്ട തുക കെ.എം.എസ്.സി.എൽ.-ന് ലഭ്യമാക്കാത്തതുമൂലം മരുന്നുവിതരണം പ്രതിസന്ധിയിലായ സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 242 കോടി രൂപ വകയിരുത്തിയിരുന്നതിൽ 165 കോടി രൂപ കോർപ്പറേഷന് അനുവദിച്ചു. കിട്ടിയ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട് എന്നുമാത്രമല്ല പ്രസ്തുത സാമ്പത്തിക വർഷത്തിൽ 260.54 കോടി രൂപയുടെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള വിതരണ ഓർഡറുകളും കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

## ആരോഗ്യവകുപ്പിലെ ആശുപത്രികളിലെ ഒഴിവുകൾ

**44 (709)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, പി.എച്ച്.സി., സി.എച്ച്.സി.-കൾ എന്നിവയിൽ എത്ര തസ്തികകളാണ് ഒഴിവുള്ളത് ; ജില്ലതിരിച്ചുള്ള തസ്തികകളുടെ കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യവകുപ്പിൽ എത്ര നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയിട്ടുണ്ട് ; തസ്തികകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ കുടുംബക്ഷേമവകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, പി.എച്ച്.സി., സി.എച്ച്.സി.കൾ എന്നിവിടങ്ങളിൽ 3454 തസ്തികകൾ ഒഴിവുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു (അനുബന്ധം-I).*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിലുമായി 5562 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. തസ്തികകൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു. (അനുബന്ധം-II).*

## പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം

**45 (710)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ജാഗ്രത കാണിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിനായി മുൻ ബഡ്ജറ്റുകളിൽ അനുവദിച്ച തുക ചെലവഴിക്കുന്നതിൽ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ബഡ്ജറ്റ് വിഹിതത്തിന്റെയും ചെലവഴിച്ചതിന്റെയും നടപ്പാക്കിയ പദ്ധതിയുടെയും വിശദാംശം നൽകാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലാബുകളുടെ നവീകരണം ക്രമമായി നടക്കുന്നുണ്ട്. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യമായി പി.സി.ആർ. ലാബ് സംവിധാനം 2014 ഫെബ്രുവരിയിൽ തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലാബിൽ നിലവിൽ വന്നു. കൂടാതെ ടി ലാബിൽ ഡിഫ്ത്തീരിയ കൾച്ചർ യൂണിറ്റ് ആരംഭിക്കുവാനുള്ള സംവിധാനം നിലവിലുള്ള ആധുനിക വാക്സിൻ പ്രിവെന്റബിൾ ഡിസീസ് ലാബായി ഡബ്ല്യു.എച്ച്.ഒ. അംഗീകരിച്ചിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ജനിതകവൈകല്യം തിരിച്ചറിയാനായി ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റ് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടത്തിവരുന്നു. നവീകരണം യഥാക്രമം നടപ്പിലാക്കി ഉന്നത നിലവാരം പുലർത്തിവരുന്നതിനാൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരം റീജിയണൽ ലാബുകളായ എറണാകുളം, കോഴിക്കോട്, കണ്ണൂർ, ജില്ലാതല ലാബുകളായ ആലപ്പുഴ, കൊല്ലം എന്നിവയ്ക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly